(ഡി) പാലം പണിക്കുള്ള ടെന്ററുകൾ ലഭിച്ച് ബാക്കി നടപടിക്രമങ്ങളും പൂർത്തിയാക്കി പണി ആരംഭിച്ച് കഴിഞ്ഞാൽ മാത്രമേ പണി പൂർത്തിയാകുന്ന ഏകദേശ തീയതി പറയാൻ കഴിയുകയുള്ളൂ.

കടലുണ്ടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി

90 (3731) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ പാലം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടലുണ്ടിക്കടവ് പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ് മൊത്തം പന്ത്രണ്ടു തൂണുകളും രണ്ട് അബട്ട്മെന്റുകളും ഉള്ളതിൽ കരയിലുള്ള മൂന്നു തൂണുകളുടേയും രണ്ട് അബട്ട്മെന്റുകളുടേയും ഫൗണ്ടേഷൻ പണി നടന്നുവരുന്നു. ബാക്കി തൂണുകൾക്കു വേണ്ടി ബോർഡ് പൈൽ ഫൗണ്ടേഷൻ പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്.

(ബി) 2001-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കല്ലുമട - കല്ലുങ്കത്രി റോഡിൽ പുത്തൻതോട് പാലത്തിന്റെ നിർമ്മാണം

91 (3732) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കല്ലുമട - കല്ലുങ്കത്രി റോഡിൽ പുത്തൻതോട് പാലത്തിന്റെ നിർമ്മാണം 1996-ൽ പൂർത്തിയായിട്ട് ഇതുവരെ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടില്ലാ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലം ഗതാഗതത്തിന് തുറന്നു കൊടുക്കാത്തതിന്റെ കാരണം അറിയിക്കാമോ ;

(സി) ഈ പാലത്തിന്റെ അപ്രോച്ച് റോഡുകൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കാമോ ;

(ഡി) പാലം പണി നടത്തിയ കോൺട്രാക്ടറുടെ തുക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) അപ്രോച്ച് റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി പാലം എന്നത്തേക്ക് തുറന്നു കൊടുക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly